# വിത്ത് പാകുന്നതിന് മുൻപ് നിലം ഒരുക്കുക

മറ്റൊന്നിനും സാദ്ധ്യമല്ലാത്തത് ശ്രദ്ധയാൽ സാദ്ധ്യമാവുന്നു

## ദാജി

## പൂജ്യശ്രീ ചാരിജി മഹരാജിന്റെ

99 ആം ജന്മവാർഷികാഘോഷവേളയിൽ പൂജ്യ ദാജി നൽകിയ സന്ദേശം ജൂലൈ 24, 2026

# വിത്ത് പാകുന്നതിന് മുൻപ് നിലം ഒരുക്കുക

## മറ്റൊന്നിനും സാദ്ധ്യമല്ലാത്തത് ശ്രദ്ധയാൽ സാദ്ധ്യമാവുന്നു

പ്രിയ സുഹൃത്തുക്കളേ,

ഒരേ ധ്യാനഹാളിൽ, പ്രാണാഹുതി ഒരുപോലെ സ്വീകരിച്ച്, വാക്കുകൾ ഒരുപോലെ ശ്രവിച്ച്, ഒരേ സമയം കണ്ണുകൾ അടക്കുന്ന രണ്ടുപേരെക്കുറിച്ച് ഒന്നു ചിന്തിച്ചുനോക്കൂ. ധ്യാനത്തിനുശേഷം അവരിലൊരാൾ എഴുന്നേൽക്കുന്നു; വടക്കുനോക്കി യന്ത്രത്തിന്റെ ദിശാസൂചി ആദ്യമായി വടക്കു ദിശയിലേക്കു തിരിയുന്നതുപോലെ, അയാളിൽ എന്തോ ഒന്ന് നിശബ്ദമായി, വീണ്ടും പഴയപടിയാക്കാനാവാത്ത വിധം, മാറിയിരിക്കുന്നു. മറ്റെയാൾ ഏഴുന്നേൽക്കുന്നു, സമയമെത്രയായി എന്നു പരിശോധിക്കുന്നു. മറ്റുള്ളവർക്കെല്ലാം എന്തുതോന്നിയിട്ടുണ്ടാവുമെന്നയാൾ അത്ഭുതപ്പെടുന്നു. പ്രാണാഹുതിയും നിശബ്ദതയും വാക്കുകളുമെല്ലാം ഒരുപോലെ. എന്നാലോ, വ്യതാസമുണ്ടുതാനും. എന്താണാ വ്യത്യാസം? ആ ചോദ്യം തൽക്കാലം മാറ്റിവെക്കു, നമുക്കതിലേക്ക് പിന്നീടു വരാം.

അതുപോലെ, ഒരു പാത്രത്തിൽ ഉരുളക്കിഴങ്ങും മുട്ടയും ഒരുമിച്ച് വേവിക്കുകയാണെന്നു കരുതൂ. വെള്ളം, ചൂട്, സമയദൈർഘ്യം തുടങ്ങിയവയെല്ലാം ഒരുപോലെയാണെങ്കിലും, ഉരുളക്കിഴങ്ങ് മൃദുവാകും, മുട്ട പുഴുങ്ങി ഉറച്ച രൂപത്തിലാവും. നമ്മളോരോരുത്തരും ഉള്ളിൽ എന്ത് വഹിക്കുന്നു എന്നതിനെ ആശ്രയിച്ചാവും നമ്മുടെ അനുഭവങ്ങൾ നമ്മെ കൂടുതൽ തുറന്ന മനസ്സുള്ളവരാക്കുന്നുവോ അതോ കൂടുതൽ സങ്കുചിതരാക്കുന്നുവോ എന്നത് തീരുമാനിക്കപ്പെടുന്നത്. ഇത് കഴിവിന്റെയോ യോഗ്യതയുടേയോ പ്രശ്നമല്ല; മറിച്ച് മണ്ണിന്റെ (സാഹചര്യത്തിന്റെ) പ്രശ്നം മാത്രമാണ്.

## വിവർത്തനം ചെയ്യാനാവാത്ത വാക്ക്

ഒരന്വേഷകനും, അയാളുടെ മുന്നിൽ ഇനിയുള്ള ജീവിതത്തിനുമിടയിൽ വഴിമുടക്കി നിൽക്കുന്ന ഏഴ് ആന്തരീക തടസ്സങ്ങളെന്തെല്ലാമെന്ന് നമ്മൾ കഴിഞ്ഞ സന്ദേശപരമ്പരയിൽ പരിശോധിച്ചുവല്ലോ. എപ്രകാരമാണ് ആഗ്രഹങ്ങൾ വിഭജിക്കുന്നതും, ജഡത്വം (നിശ്ചലത) ശ്വാസം മുട്ടിക്കുന്നതും, സംശയം തുരുമ്പെടുപ്പിക്കുന്നതും, അഹങ്കാരത്താൽ മൂടപ്പെടുന്നതും, അസൂയ തളർത്തുന്നതും, മുൻവിധി വാതിലുകൾ കൊട്ടിയടക്കുന്നതും, എല്ലാറ്റിന്റെയും മാതാവായ ഭയം അകത്തുനിന്ന് വാതിൽ പൂട്ടുന്നതും എപ്രകാരമെന്ന് നാം മനസ്സിലാക്കി. *'ജീവിക്കാത്ത ജീവിതം'* എന്ന സന്ദേശത്തിൽ, വിശ്വാസം വാതിൽ തുറക്കുന്നതിനുള്ള താക്കോൽ തിരിക്കുകയാണെന്നും, അപ്പുറത്ത് നമ്മൾ ആദ്യം കണ്ടെത്തുന്നത് ലക്ഷ്യസ്ഥാനമല്ലെന്നും, മറിച്ച് ആന്തരീകാവസ്ഥയുടെ ഗുണനിലവാരമാണെന്നും (ഹൃദയശുദ്ധി) നാം കണ്ടെത്തി. പൂർവ്വീകരതിനെ ശ്രദ്ധയെന്ന് പേർ വിളിച്ചു.

ശ്രദ്ധയുടെ തർജ്ജമ വിശ്വാസം (faith) എന്നാണ് നൽകിയിരിക്കുന്നത്, എന്നാലത് അപൂർണ്ണമാണ്. നിങ്ങൾക്ക്

വിശദീകരിക്കാനാവാത്തതും തെളിയിക്കാനാവാത്തതുമായവയെ ബോദ്ധ്യപ്പെടലാണ് വിശ്വാസമെന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ശ്രദ്ധായെന്നതാകട്ടെ, കൂടുതൽ സജീവമായ ഒന്നാണതാനും. അത് ഉറച്ചബോദ്ധ്യമാണ്, ആത്മവിശ്വാസമാണ്, ആത്മാർത്ഥതയാണ്, ദൃഢനിശ്ചയമാണ്. വിശ്വസ്തതയും ആന്തരികബോദ്ധ്യവും ഒരുമിച്ച് ഒരു ജ്വാലയായി മാറിയ ഒന്നാണത്. ഒരു സിദ്ധാന്തത്തോട് (തത്വത്തിനോട്) മനസ്സ് ചേർന്നുപോകൽ മാത്രമല്ല അത്, ബുദ്ധി തെളിവുകളെ പരിശോധിച്ച് വിലയിരുത്തുന്നതിനു മുൻപുതന്നെ, സത്യത്തിലേക്ക് സർവ്വാത്മനാ ഉള്ള ഹൃദയത്തിന്റെ ദിശാമാറ്റം കൂടിയാണത്.

വേദ ഗ്രന്ഥങ്ങളേയും മാസ്റ്ററെയും ബോധ്യപ്പെടുക (believe) എന്നതാണ് വിശ്വാസമെന്ന് ജ്ഞാനികൾ വിലയിരുത്തുന്നു; അതിലൂടെ സാദ്ധ്യമായതെല്ലാം നേടുകയും ചെയ്യുക. എന്നാൽ സൂക്ഷ്മത ഈ ബോദ്ധ്യമെന്ന പദത്തിൽ ഒളിഞ്ഞിരിക്കുന്നു: അതൊരു ആശയത്തിന്, എതിർപ്പുകളൊന്നുമില്ലാതെ വഴങ്ങിക്കൊടുക്കുന്ന മനോഭാവമല്ല. എന്നാൽ, കേവലം കേട്ടറിഞ്ഞ സത്യത്തിനപ്പുറം, നേരിട്ട് അനുഭവിച്ചറിഞ്ഞ ഒരു സത്യത്തിലേക്ക് ഓരോ കഴിവുകളുടേയും സജീവമായ ഏകോപനമാണത്.

ആന്തരികാനുഭവങ്ങളുടെ ഭൂപടങ്ങൾ രചിക്കുന്നതിൽ (കാർട്ടോഗ്രാഫി) വിദഗ്ധനായിരുന്ന പതഞ്ജലി മഹർഷി ആത്മസാക്ഷാത്ക്കാരത്തിലേക്ക് നയിക്കുന്ന അഞ്ച് ഗുണങ്ങളിൽ 'ശ്രദ്ധാ' യെയാണ് ഒന്നാമതായി പ്രതിഷ്ഠിച്ചത്: ശ്രദ്ധാ(വിശ്വാസം), വീര്യം(ഊർജ്ജം), സ്മൃതി(സ്മരണ), സമാധി(ആമഗ്നത), പ്രജ്ഞ(വിവേകം) തുടങ്ങിയവ. അതിന്റെ ക്രമം ശ്രദ്ധിക്കുക. ശ്രദ്ധാ പ്രയത്നിക്കാനുള്ള ഊർജ്ജവും സന്നദ്ധതയും ഏകുന്നു; ഊർജ്ജം സ്മരണയെ നിലനിർത്തുന്നു; സ്മരണ ആമഗ്നതയായി (സമാധി)

ശ്രദ്ധായുടെ തർജ്ജമ വിശ്വാസം (faith) എന്നാണ് നൽകിയിരിക്കുന്നത്, എന്നാലത് അപൂർണ്ണമാണ്. നിങ്ങൾക്ക് വിശദീകരിക്കാനാവാത്തതും തെളിയിക്കാനാവാത്തതുമായവയെ ബോദ്ധ്യപ്പെടലാണ് വിശ്വാസമെന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ശ്രദ്ധായെന്നതാകട്ടെ, കൂടുതൽ സജീവമായ ഒന്നാണതാനും. അത് ഉറച്ചബോദ്ധ്യമാണ്, ആത്മവിശ്വാസമാണ്, ആത്മാർത്ഥതയാണ്, ദൃഢനിശ്ചയമാണ്. വിശ്വസ്തതയും ആന്തരികബോദ്ധ്യവും ഒരുമിച്ച് ഒരു ജ്വാലയായി മാറിയ ഒന്നാണത്.

വളരുന്നു; ആമഗ്നത വിവേകമായി പരിണമിക്കുന്നു. ആദ്യ കണ്ണിയെ ആശ്രയിച്ചാണ് മുഴുവൻ ശൃംഖലയും നിലനിൽക്കുന്നത്. ശ്രദ്ധയെ എടുത്തുമാറ്റൂ, ബാക്കിയെല്ലാം അടിത്തറയില്ലാത്ത ഗോവണിപോലെ തകർന്നടിയും.

## നിങ്ങൾ തീരെ പ്രതീക്ഷിക്കാതിരുന്ന ആത്മവിശ്വാസം

ദൈവത്തിലുള്ള വിശ്വാസം, ഗുരുവിലും നമ്മുടെ പരിശീലനക്രമങ്ങളിലുമുള്ള വിശ്വാസം എന്നിങ്ങനെയാണ് നാം ശ്രദ്ധയെ കണക്കാക്കുന്നത്. ഇതെല്ലാം അതിലുൾപ്പെടുന്നുണ്ട്. എന്നാൽ ശ്രദ്ധ നമ്മളിൽ നിന്ന്, അതായത് സ്വന്തം വീട്ടിൽ നിന്നുതന്നെയാണ് ആരംഭിക്കുന്നത് എന്നത് നിങ്ങളെ ആശ്ചര്യപ്പെടുത്തിയേക്കാം. ആത്മവിശ്വാസമില്ലാത്ത അവസ്ഥ വിശ്വാസത്തെ ബാധിക്കുന്നു. ഈ പാതയിലൂടെ മുന്നോട്ടുപോകാനുള്ള

നമ്മുടെ കഴിവിൽ നമുക്ക് വിശ്വാസമില്ലെങ്കിൽ, ആ പാത എത്രമാത്രം പ്രകാശപൂർണ്ണമാണെന്നത് ഒരു വിഷയമാവില്ല. നമ്മളെടുത്ത തീരുമാനം ഉചിതമായതാണെന്ന വിശ്വാസം നമുക്കില്ലെങ്കിൽ, ഏതളവിലുള്ള അനുഗ്രഹവും നമ്മെ ബോദ്ധ്യപ്പെടുത്തുന്ന ഒന്നാവില്ല. സംശയം ആവർത്തിച്ചുകൊണ്ടിരിക്കും; അനുഭവത്തിന്റെ അപര്യാപ്തതയല്ല അതിനുകാരണം, മറിച്ച്, നമുക്ക് ലഭിച്ചതിൽ വിശ്വാസമില്ലാത്തതിനാലും അത് വിലമതിക്കാനാവാത്തതിനാലുമാണ് അങ്ങിനെ സംഭവിക്കുന്നത്.

ഇതുകൊണ്ടെന്താണ് ഉദ്ദേശിക്കുന്നതെന്ന് ചിന്തിക്കൂ. 'ശക്തമായ അടിത്തറ പണിയുക' എന്ന സന്ദേശത്തിൽ, പതിനൊന്ന് വർഷക്കാലം പരിശീലിച്ച സഹോദരി 'ഇത് യഥാർത്ഥമായതാണോ' എന്ന് അവരുടെ അനുഭവങ്ങളെക്കുറിച്ച് സംശയം പ്രകടിപ്പിച്ചത് നിങ്ങളോർക്കുന്നുണ്ടാവും. അവരുടെ പരിശീലനം കുറ്റമറ്റതായിരുന്നു, അവരിൽ പ്രകടമായിരുന്ന മാറ്റങ്ങൾ ഏവർക്കും പ്രത്യക്ഷീഭവിച്ചിരുന്നു. എന്നിട്ടും അവർക്കത് വിശ്വസനീയമായില്ല. എന്തായിരുന്നു അതിനു കാരണം? സംശയം പരിശീലനക്രമത്തെക്കുറിച്ചോ, പരിശീലനം മതിയായില്ല എന്നതോ ആയിരുന്നില്ല; അവരെക്കുറിച്ചു തന്നെയായിരുന്നു. പരിണമിക്കാനുള്ള അവരുടെ തന്നെ കഴിവിൽ അവർക്ക് വിശ്വാസമുണ്ടായിരുന്നില്ല. തിളച്ച വെള്ളത്തിലെ മുട്ട പോലെയായിരുന്നു അവർ. മയപ്പെടുത്തുമെന്ന് കരുതിയ അനുഭവങ്ങൾ അവരെ കഠിനപ്പെടുത്തുകയായിരുന്നു. ആ ചോദ്യം ഉയർന്നുവരുന്നതിന് വളരെ മുമ്പുതന്നെ ശ്രദ്ധ ആ പ്രശ്നം പരിഹരിക്കുമായിരുന്നു; അവരുടെ സംശയത്തെ വാദപ്രതിവാദങ്ങളിലൂടെ മാറ്റിയെടുക്കാൻ ശ്രമിച്ചുകൊണ്ടല്ല, മറിച്ച്, സംശയത്തിന് കടന്നുവരാൻ വിള്ളലുകൾ പോലുമില്ലാത്ത അത്രയും ഉറപ്പായ ഒരു അടിത്തറ അവർക്ക് ഒരുക്കിക്കൊടുത്തുകൊണ്ട്, സുരക്ഷിതമായ പിന്തുണ നൽകിക്കൊണ്ടായിരുന്നു.

നമ്മൾ ഏറ്റവും കൂടുതൽ ചെവികൊടുക്കേണ്ട ശ്രദ്ധയുടെ തലം ഇതാണ്: ഈശ്വരഹിതത്തിന് സമർപ്പിതരാവുന്നതുപോലെത്തന്നെ നമ്മിൽ നമുക്കുള്ള വിശ്വാസവും ആത്മീയതയ്ക്ക് അത്യന്താപേക്ഷിതമാണ്. രണ്ടും തമ്മിൽ വൈരുദ്ധ്യമേതുമില്ല; അവ ഒരേ ചലനത്തിന്റെ വ്യത്യസ്ത വീക്ഷണങ്ങളാണെന്നുമാത്രം. വിട്ടുകളയാൻ തക്കവണ്ണം നിങ്ങൾ സ്വയം വിശ്വസിക്കുമ്പോൾ, അത് ആത്മസമർപ്പണമാവും. ദൈവത്തിന്റെ ശ്രദ്ധയ്ക്ക് പാത്രീഭൂതരാവുവാൻ നിങ്ങൾ യോഗ്യരെന്നു കരുതുന്ന അളവിൽ നിങ്ങൾ ദൈവത്തെ അത്രയധികം വിശ്വസിക്കുമ്പോളത് ആത്മവിശ്വാസമായി മാറുന്നു. ശ്രദ്ധ ഇവ രണ്ടിനെയും ഒരു കൈയിൽ ചേർത്തുപിടിക്കുന്നു.

## മണ്ണിൽ എന്താണ് വളരുന്നത്?

വിതക്കപ്പെടുന്ന മണ്ണിന്റെ ഗുണമേന്മകൾ വിത്തൊരിക്കലും ചികയാറില്ല, എന്നാൽ ഒരു അന്വേഷകൻ തന്റെ പാത തിരഞ്ഞെടുക്കുന്നു. സാധകനൊരുക്കുന്ന മണ്ണിന്റെ മൂല്യത്തെ അടിസ്ഥാനപ്പെടുത്തി അതിനുശേഷമുള്ളതെല്ലാം നിർണ്ണയിക്കപ്പെടുന്നു. യഥാർത്ഥ ആത്മവിശ്വാസമില്ലാത്തയിടത്ത് സ്നേഹവും സമർപ്പണവും യഥാർത്ഥമായുണ്ടാവില്ല; ആത്മവിശ്വാസം യഥാർത്ഥമാകുമ്പോൾ, ആത്മാവിന്റെ ഒരു ജീവസ്സുറ്റ വാസ്തുവിദ്യ അവിടെ അനാവൃതമാകും:

സ്നേഹം വളർച്ച പ്രാപിക്കുന്നതിനു സഹായകമാവുന്ന ഭൂമിയാണ് ശ്രദ്ധ എന്നത്.
ഭക്തിയാവട്ടെ, ദിശ കണ്ടെത്തിയ സ്നേഹമാണെന്നു പറയാം.
അനന്തരഫലത്തിനുമേലുള്ള പിടിവിട്ടുകഴിയുമ്പോൾ ഭക്തി ശരണാഗതമാവും.

ശരണാഗതാവസ്ഥ പോലും ത്യജിക്കപ്പെടുന്ന നിലയിൽ അവശേഷിക്കുന്നതാണ് ലയനം.

ആ ക്രമം നമുക്കൊന്നുകൂടി സാവകാശം പരിശോധിക്കാം:

ശ്രദ്ധ പ്രേമത്തിലേക്ക് (സ്നേഹത്തിലേക്ക്) നയിക്കുന്നു.
സ്നേഹം ഭക്തിയിലേക്കും,
ഭക്തി ശരണാഗതാവസ്ഥയിലേക്കും,
ശരണാഗതി ലയാവസ്ഥയിലേക്കും നയിക്കുന്നു.

ഒരു മൊട്ട് പൂവായി, തുടർന്ന് ഫലമായി മാറുന്നതുപോലെ, ഓരോന്നും മുൻപുണ്ടായിരുന്ന അവസ്ഥയിൽനിന്ന് സ്വാഭാവികമായി പരിണമിക്കുന്നു. ഒരു മൊട്ടിനെ നിർബന്ധിച്ച് ഫലമാക്കി മാറ്റാൻ കഴിയില്ലെങ്കിലും, അതിനുവേണ്ട മണ്ണൊരുക്കാനും, സൂര്യനെ തന്റെ പ്രവൃത്തി നടത്താൻ അനുവദിക്കുകയുമാവാം.

ഈ പുതിയ പരമ്പരയിലുടനീളം നമ്മെ ഗ്രസിക്കുന്ന സത്യം ഇതാണ്: ലയാവസ്ഥ സംഭവിക്കുമ്പോഴാണ്, യഥാർത്ഥ യാത്ര

**സ്നേഹം വളർച്ച പ്രാപിക്കുന്നതിനു സഹായകമാവുന്ന ഭൂമിയാണ് ശ്രദ്ധ എന്നത്. ഭക്തിയാവട്ടെ, ദിശ കണ്ടെത്തിയ സ്നേഹമാണെന്നു പറയാം. അനന്തരഫലത്തിനുമേലുള്ള പിടിവിട്ടുകഴിയുമ്പോൾ ഭക്തി ശരണാഗതമാവും. ശരണാഗതാവസ്ഥ പോലും ത്യജിക്കപ്പെടുന്ന നിലയിൽ അവശേഷിക്കുന്നതാണ് ലയനം.**

ആരംഭിക്കുന്നത്. ദയവായി ഇതിനെക്കുറിച്ച് കുറച്ചുസമയം മനനം ചെയ്യുക. മിക്കവാറുമെല്ലാ ആത്മീയ പാരമ്പര്യങ്ങളും ശിക്ഷണങ്ങളും ഐക്യത്തെയാണ് ലക്ഷ്യസ്ഥാനമായി ചൂണ്ടിക്കാണിക്കുന്നത്. എന്നാൽ ആത്മജ്ഞാനികൾ ചില കാര്യങ്ങൾ കൂടി പറയുന്നുണ്ട്: ഉന്നതമായ ആ തലം ഒരു ലക്ഷ്യസ്ഥാനമല്ല, മറിച്ച് അതൊരു പ്രവേശനകവാടം മാത്രമാണ്. നിങ്ങൾ തേടുന്നുവെന്നു കരുതുന്ന ജീവിതം, മറുവശത്ത് നിങ്ങളെ കാത്തിരിക്കുന്ന ജീവിതത്തിനായുള്ള ഒരു തയ്യാറെടുപ്പ് മാത്രമാണ്; ആ തയ്യാറെടുപ്പ് ആരംഭിക്കുന്നത് മണ്ണിന്റെ ഗുണനിലവാരത്തിലുമാണ്.

## ഉദാസീനനുമല്ല, അന്ധനുമല്ല

ശാന്തമായൊരു ഇടിമുഴക്കം പേറുന്നൊരു പതിഞ്ഞ നിർദ്ദേശം അതിലുണ്ട്: വിശ്വാസം ഉദാസീനമാവരുത്. മനസ്സിൽ വേണ്ടത്ര ഉണർവ്വില്ലെങ്കിൽ, ദയവായി നിങ്ങളുടെ ലക്ഷ്യങ്ങൾ അവലോകനം ചെയ്ത് അവയിൽ പ്രവർത്തിക്കുക. വിശ്വാസം തീക്ഷ്ണതയും ദൃഢനിശ്ചയവും നിറഞ്ഞതാണ്, ഒരു കാറ്റിനും കെടുത്താൻ കഴിയാത്ത വിളക്കിന്റെ നാളം നിശബ്ദമായ തീവ്രതയോടെ ജ്വലിക്കുന്നു; ജ്വാല ഉജ്ജ്വലമായതുകൊണ്ടല്ല, മറിച്ച് എണ്ണ ധാരാളമായുള്ളതുകൊണ്ടാണ്.

വിശ്വാസം അന്ധവുമല്ല. അത് നമ്മുടെ ഉള്ളത്തെ മാറ്റിമറിക്കുന്ന എന്തോ ഒന്നുമായുള്ള കണ്ടുമുട്ടലിൽ നിന്ന് ജന്മമെടുക്കുന്നതാണ്. ഇതാണ് ഉത്തമവിശ്വാസത്തെ വെറും വിശ്വാസത്തിൽ നിന്ന് വേർതിരിക്കുന്നത്, ആരും സൂക്ഷ്മപരിശോധന നടത്താത്ത, ഒരു കുടുംബസ്വത്തുപോലെ തലമുറകളായി കൈമാറിക്കിട്ടുന്ന വെറുമൊരു വിശ്വാസത്തിൽ (belief) നിന്ന്, ആത്മീയമായ ഉറച്ച വിശ്വാസത്തെ (faith) വേർതിരിക്കുന്നത് ഇതാണ്. നിങ്ങളുടെ മാതാപിതാക്കളോ

സമൂഹമോ വിശ്വസിക്കുന്നുവെന്നതുകൊണ്ട് നിങ്ങൾക്കും ആ വിശ്വാസത്തെ പിന്തുടരാം, കാരണം, ചോദ്യം ചെയ്യുന്നതിനേക്കാൾ എളുപ്പമാണ് അവരുടെ വിശ്വാസങ്ങളെ പിന്തുടരുന്നത്. എന്നാൽ, ശ്രദ്ധയുടെ രീതി അതല്ല, അത് നേരിട്ടുള്ള അനുഭവമാണ്. ധ്യാനത്തിലിരിക്കുമ്പോൾ, ചിന്തയ്ക്കും ഓർമ്മയ്ക്കും സൃഷ്ടിക്കാൻ കഴിയാത്ത ഒരു സാന്നിധ്യം നിങ്ങൾക്ക് അനുഭവപ്പെടുമ്പോൾ, നിങ്ങൾ ശ്രദ്ധ കെട്ടിപ്പടുക്കാൻ തുടങ്ങിയിരിക്കുന്നു എന്ന് മനസ്സിലാക്കണം. നിങ്ങളുടെ സ്വന്തം ഹൃദയം അതിന് തെളിവായി മാറിയിരിക്കുന്നു.

അതുകൊണ്ടാണ് ധ്യാനം എന്നത് ഹാർട്ട്ഫുൾനെസ്സിൽ വെറുമൊരു സാങ്കേതികകാര്യമല്ല എന്ന് പറയുന്നത്; ശ്രദ്ധയെ തയ്യാറാക്കുന്ന ഒരു പരീക്ഷണശാലയാണിത്. യാഥാർത്ഥ്യത്തിലേക്ക് ജാലകം തുറക്കുന്ന ഓരോ ധ്യാനവും നിങ്ങളുടെ കാലിനടിയിൽ ഒരു പാളി ചേർക്കുന്നു. കാലക്രമേണ, ആ അടിത്തറ വളരെ ഉറച്ചതായിത്തീരുന്നു, സംശയം വന്ന് മുട്ടിവിളിക്കുമ്പോൾ, എപ്പോഴുമെന്നപോലെ, നിങ്ങളുടെ വീട് കുലുങ്ങുകയില്ല. എല്ലാ ചോദ്യങ്ങൾക്കും നിങ്ങൾ ഉത്തരം നൽകി എന്നല്ല, മറിച്ച്, ചോദ്യങ്ങൾക്ക് എത്തിച്ചേരാനാകാത്ത നിലയിലാണ് നിങ്ങളിപ്പോൾ നിൽക്കുന്നത്.

## അത് തെളിയിച്ച ജീവിതം

ഇന്ന്, ചാരിജി മഹാരാജ് ജന്മമെടുത്തതിന്റെ തൊണ്ണൂറ്റി ഒൻപതാം വർഷം ആഘോഷിക്കുമ്പോൾ, ഈ സന്ദേശത്തിൽ പ്രതിപാദിക്കുന്ന വസ്തുതകളെല്ലാം പരിചിന്തിക്കുന്നത് ഉചിതമായിരിക്കുമെന്നു തോന്നുന്നു. ശാസ്ത്രപഠനം നടത്തി, വ്യവസായമേഖലയിൽ തഴക്കം സിദ്ധിച്ച അദ്ദേഹം സൂക്ഷ്മാപഗ്രഥനത്തിനു പാകപ്പെടുത്തപ്പെട്ടൊരു മനസ്സുള്ളയാളായിരുന്നു. തന്റെ ഗുരുവിനെ കണ്ടെത്തിയ

അദ്ദേഹം ഒരിക്കലും അസ്ഥമാക്കപ്പെടാത്ത വിശ്വാസം ഗുരുവിൽ അർപ്പിക്കുകയും ചെയ്തിരുന്നു. ആ വിശ്വാസം അദ്ദേഹം സ്വന്തം ഹൃദയത്തിന്റെ പരീക്ഷണശാലയിൽ ഓരോ ദിനവും മാറ്റുരച്ചിരുന്നു എന്നതിനാലാണ് ആ വിശ്വാസം അചഞ്ചലമായത്. അത് ഒരിക്കലും ഉദാസീനമായിരുന്നില്ല, കാരണം അത് അദ്ദേഹത്തിന്റെ മുഴുവൻ ജീവിതത്തെയും ഗ്രസിച്ചിരുന്നു. അദ്ദേഹത്തിന്റെ ഹൃദയമാകട്ടെ തയ്യാറാക്കപ്പെട്ട വയലായിരുന്നു. സംപ്രേഷണം ആ ഹൃദയത്തിൽ എത്തിയപ്പോൾ, അവിടെനിന്നും ലഭിച്ച വിളവ് ലോകമെമ്പാടുമുള്ള അന്വേഷകരെ പോഷിപ്പിച്ചു, അത് ഇപ്പോഴും പോഷിപ്പിച്ചുകൊണ്ടിരിക്കുന്നു. അദ്ദേഹത്തിന്റെ വിശ്വാസത്തെ അഭിനന്ദിക്കാനല്ല, മറിച്ച് നമ്മുടേതായ രീതിയിൽ ആ വിശ്വാസം വളർത്തിയെടുക്കാനാണ് അദ്ദേഹം നമ്മോട് ആവശ്യപ്പെട്ടത്. നമുക്ക് അദ്ദേഹത്തിന് നൽകാൻ കഴിയുന്ന ഏറ്റവും മികച്ച ആദരാഞ്ജലി സജ്ജമാക്കപ്പെട്ട ആ ഹൃദയമായിരിക്കും.

## ധ്യാനഹാളിലെ രണ്ടുപേർ

ധ്യാനിച്ചുകൊണ്ടിരുന്ന രണ്ടുപേരിലേക്ക് നമുക്ക് തിരിച്ചുപോകാം, തുടക്കത്തിൽ ഉന്നയിച്ച ചോദ്യത്തിനുത്തരം കണ്ടെത്താം. അതിൽ വ്യത്യസ്തമായിരുന്നതെന്തായിരുന്നു? മണ്ണ്. അതിലൊരു ഹൃദയം തയ്യാറാക്കപ്പെട്ടതായിരുന്നു; പൂർണ്ണമായൊന്നുമല്ലെങ്കിലും, അതിന് സന്നദ്ധ മനോഭാവമുണ്ടായിരുന്നു. യഥാർത്ഥമായതെന്തെങ്കിലും സംഭവിക്കാമെന്ന ഉറച്ച ബോദ്ധ്യം, സ്വീകരിക്കാനുള്ള സ്വന്തം കഴിവിലുള്ള വിശ്വാസം, അതിനുണ്ടായിരുന്നു. ആ സന്നദ്ധത കഴിവോ ഭാഗ്യമോ ആയിരുന്നില്ല, അത് ശ്രദ്ധയായിരുന്നു. തിളച്ച വെള്ളത്തിലെ ഉരുളക്കിഴങ്ങ് പോലെ, ആ ഹൃദയം സംപ്രേഷണത്തിന്റെ ചൂടിൽ മൃദുവായി, ലഭ്യമാക്കിയത് സ്വീകരിക്കുവാനായി, കൂടുതൽ തുറന്നു.

താത്പര്യമുള്ള ഏവർക്കും ഈ കഴിവ് വളർത്തിയെടുക്കാവുന്നതാണ്.

മറ്റേ ഹൃദയം തരിശായിരുന്നില്ല. ഒരു ഹൃദയവും ഒരിക്കലും വന്ധ്യമല്ലെന്ന് നാം മനസ്സിലാക്കണം. അത് സജ്ജമല്ലാത്തതോ, ശ്രദ്ധ തിരിക്കപ്പെടാത്തതോ, സംരക്ഷിക്കപ്പെട്ടതോ അല്ലെങ്കിൽ 'അധികം പ്രതീക്ഷിക്കരുത്' എന്ന് മന്ത്രിക്കുന്ന ഒരു പഴയ നിരാശയുടെ അവശിഷ്ടം വഹിക്കുന്നതോ ആയിരിക്കാം. ആ മന്ത്രണം പരിചിതമാണോ? എട്ട് സന്ദേശങ്ങളിലൂടെ നമ്മൾ അലിയിച്ചുകളയാൻ ശ്രമിച്ച ഭയത്തിന്റെ അവസാന പ്രതിധ്വനിയാണിത്, മറുമരുന്ന് അതേപടി തുടരുന്നു, ഒരു മഹത്തായ പ്രവൃത്തിയല്ല, മറിച്ച് ഒരു ചെറിയ, മാറ്റാനാവാത്ത നടപടി. അതിനാൽ, നാളെ കുറച്ച് കൂടുതൽ തുറന്ന മനസ്സോടെ വീണ്ടും ധ്യാനിക്കുക. ഹൃദയത്തെ കുറച്ചു കുറഞ്ഞ അളവിൽ പ്രതിരോധിക്കാൻ അനുവദിക്കുക. അതുതന്നെ ധാരാളമാവും. ശ്രദ്ധ ഒരിക്കലും പൂർണ്ണ രൂപത്തിൽ നമുക്ക് ലഭിക്കുകയില്ല; മണ്ണിന്റെ ആഴം കൂടുന്നതിനനുസരിച്ച് അത് വളരുന്നു, ഓരോ ഋതുവിലും, ഓരോ ധ്യാനത്തിലും, ഓരോ ശാന്തമായ വിശ്വാസത്തിലും അത് വളർന്നുകൊണ്ടിരിക്കും.

യുഗങ്ങളായി കൈമാറി വന്ന, ആഴത്തിൽ വേരൂന്നിയ ഭയങ്ങളെ പേറുന്ന നമ്മളെല്ലാവരും ആശ്വാസം ആവശ്യമുള്ള കൊച്ചുകുട്ടികളെപ്പോലെയാണ്. ശ്രദ്ധ എന്നത് ആത്മാവ് സ്വയം നൽകുന്ന ഉറപ്പാണ്. അനുമതിക്കായി പുറത്തേക്ക് നോക്കുന്നത് അവസാനിപ്പിച്ച്, തങ്ങളുടെ കാലിനടിയിലുള്ള ഭൂമി എപ്പോഴും ഉറപ്പുള്ളതുംവിശ്വസിക്കാവുന്നതുമായിഅവിടെത്തന്നെയുണ്ടായിരുന്നു എന്ന് ഒരു കുട്ടി തിരിച്ചറിയുന്ന നിമിഷമാണത്.

മണ്ണ് ഒരുക്കുക, വിത്തിന് എന്തായിത്തീരണമെന്ന് ഇതിനകം തന്നെ അറിയാമെന്ന് അപ്പോൾ നിങ്ങൾ കണ്ടെത്തും.

സ്നേഹത്തോടും പ്രാർത്ഥനയോടും കൂടി,
**കമലേഷ്**

പൂജ്യശ്രീ ചാരിജി മഹരാജിന്റെ 99 ആം ജന്മവാർഷികാഘോഷവേളയിൽ
പൂജ്യ ദാജി നൽകിയ സന്ദേശം
ജൂലൈ 24, 2026

# There's More Waiting For You

to go a little deeper

## HEARTFULNESS APP

A Quiet Place to Start

Carry your practice with you — download the free app and connect with a personal trainer anytime.

Free Download. Daily practice. Trainer always Available.

Heartfulnessapp.org

## MASTERCLASSES

Go Deeper at Home

Learn with Daaji relaxation, meditation, cleaning, and prayer through three freely offered video sessions.

Free Videos. Learn from Daaji. 3 Classes.

Heartfulness.org/global/masterclass

## RETREAT

Time for Just You

Step away from the noise and into a peaceful weekend that quietly deepens everything.

Peaceful Setting. Deepen Practice. Weekend Stays.

Heartfulness.org/global/retreat

## HEARTSPOTS

Find a Centre Near You

Your nearest meditation centre is closer than you think at no cost.

6000+ Centres. Heartful Community. Free to Visit.

Heartspots.heartfulness.org

Scan to download the free app, always there when you need it.
Start with a guided session, and let the practice find its own rhythm in you.
The journey inward begins with a single, still moment.

heartfulness
purity weaves destiny